"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -തിരുവനന്തപുരം നഗരസഭ – ആശ്രിത നിയമനം – കണ്ടിൻജന്റ് തസ്തികയിൽ നിയമിക്കപ്പെട്ട ശേഷം ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് നിയമിക്കപ്പെട്ട ജീവനക്കാരുടെ അടിസ്ഥാന ശമ്പളം സംരക്ഷിച്ച് ശമ്പളം പുനർനിശ്ചയിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1535/2026/LSGD തീയതി,തിരുവനന്തപുരം, 15-08-2026

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04/06/2024, 07.11.2025 തീയതികളിലെ LSGD/PD/52531/2023-DEF4 നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ചിരുന്നെങ്കിലും, പ്രസ്തുത തസ്തികയിൽ ഒഴിവ് ഇല്ലാതിരുന്നതിനാൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ടിൻജന്റ് തസ്തികയിൽ നിയമിക്കപ്പെടുകയും തുടർന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ഉണ്ടായ ഒഴിവുകളിലേക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ നിയമിക്കപ്പെടുകയും ചെയ്ത ശ്രീ പ്രസാദ് എസ് മുതൽ 36 ജീവനക്കാർ, കണ്ടിൻജന്റ് തസ്തികയിൽ ലഭിച്ചിരുന്ന അടിസ്ഥാന ശമ്പളം ഓഫീസ് അറ്റൻഡന്റ് തസ്തികയിലും സംരക്ഷിച്ച് ശമ്പളം പുനർനിശ്ചയിച്ച് അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ പരാമർശം കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2.മേൽ ജീവനക്കാരുടെ നിയമനം 24.05.1999-ലെ G.O.(P) No.12/99/P&ARD-ലെ വ്യവസ്ഥകൾ പ്രകാരമാണ് നടന്നിട്ടുള്ളത്. ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ഒഴിവില്ലാതിരുന്നതിനാൽ ഇവരെ ആദ്യം കണ്ടിൻജന്റ് തസ്തികയിൽ നിയമിക്കുകയും തുടർന്ന് സീനിയോറിറ്റി അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകളിലേക്ക് മാറ്റി നിയമിക്കുകയും ചെയ്തിരുന്നു. എന്നാൽ കണ്ടിൻജന്റ് തസ്തികയിൽ ലഭിച്ചിരുന്ന അടിസ്ഥാന ശമ്പളം സംരക്ഷിച്ച് നൽകിയിരുന്നില്ല.

3..സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിൽ ആശ്രിത നിയമന വ്യവസ്ഥയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ചിരുന്നെങ്കിലും ഒഴിവിന്റെ അഭാവത്തിൽ കണ്ടിൻജന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് സീനിയോറിറ്റി അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ നിയമനം ലഭിക്കുകയും ചെയ്ത ജീവനക്കാരുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കുള്ള നിയമനം തസ്തികമാറ്റ നിയമനമായി കണക്കാക്കി, കണ്ടിൻജന്റ് തസ്തികയിൽ ലഭിച്ചിരുന്ന അടിസ്ഥാന ശമ്പളം ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ ശമ്പള സ്കെയിലിൽ, പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ സംരക്ഷിച്ച് ശമ്പളം പുനർനിശ്ചയിച്ച് അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 17-08-2026
10:36:39
സെക്ഷൻ ഓഫീസർ